**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 445** **21-03-2025 - ൽ മറുപടിയ്ക്ക്**

**മണ്ണ് പരിപാലനത്തിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. എച്ച്. സലാം | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കാർഷിക പുരോഗതിക്ക് മണ്ണ് പരിപാലനത്തിന്റെ ആവശ്യകത തിരിച്ചറിഞ്ഞ് എന്തെല്ലാം മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ മണ്ണ് ജല സംരക്ഷണ പദ്ധതികൾ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്നിവർ മുഖേന നിർവ്വഹിച്ച് വരുന്നു. നീർത്തടാടിസ്ഥാനത്തിൽ ഭൂമിയുടെ പ്രത്യേകത കണക്കിലെടുത്ത് ആവശ്യമായ സംരക്ഷണ മുറകളാണ് ആവിഷ്കരിച്ചു വരുന്നത്. കൃഷി ഭൂമിയിലെ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങളും നീർച്ചാലുകളുടെ സംരക്ഷണവും നീർത്തട സമീപനത്തിലൂടെ നിർവ്വഹിക്കുന്നു. ഉരുൾപൊട്ടൽ പോലുള്ള പ്രകൃതി ദുരന്തഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ അധികജലം സംരക്ഷിത മാർഗ്ഗങ്ങളിലൂടെ ഒഴുക്കിവിടാനുള്ള പ്രവൃത്തികളാണ് നിർവ്വഹിക്കുന്നത്. തത്സ്ഥല ജലപരിപാലനത്തിലധിഷ്ഠിതമായ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾവഴി പരമാവധി ജലം ഭൂമിയിൽ ഊർന്നിറങ്ങി ഭൂഗർഭ ജലസംവിധാനം വർദ്ധിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്. കല്ലുകയ്യാല, മൺകയ്യാല, മഴക്കുഴികൾ, ജൈവവേലികൾ, അഗ്രോഫോറസ്റ്ററി, തടയണകൾ, കുളങ്ങളുടെ നിർമ്മാണവും നവീകരണവും, ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, കിണർ റീചാർജിംങ് തുടങ്ങിയ വിവിധങ്ങളായ പ്രവർത്തനങ്ങൾ സംസ്ഥാന പദ്ധതികൾ, റീബിൽഡ് കേരള ഇൻഷ്യേറ്റീവ്, റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ഫണ്ട്, രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | മണ്ണൊലിപ്പ് തടയുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കൽ, മണ്ണിന്റെ ശാസ്ത്രീയ ഡാറ്റാ ബേസ് തയ്യാറാക്കൽ, വെള്ളപ്പൊക്ക നിയന്ത്രണം തുടങ്ങിയവ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. മണ്ണ് പര്യവേക്ഷണ പഠനങ്ങളിലൂടെ കേരളത്തിലെ മണ്ണിനങ്ങളുടെ ശാസ്ത്രീയ വിവരശേഖരണം നടത്തി വരുന്നു. മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീ അമൂല്യങ്ങളായ പ്രകൃതി വിഭവങ്ങളുടെ ശാസ്ത്രീയമായ വിവര ശേഖരണം നടത്തുകയും മണ്ണിന്റെ ഘടന, രാസഭൗതിക സ്വഭാവങ്ങൾ, കഴിവുകൾ, പരിമിതികൾ എന്നിവ ശാസ്ത്രീയമായി അപഗ്രഥനം ചെയ്ത് അവയെ ഭൂപടത്തിൽ രേഖപ്പെടുത്തി മണ്ണ് ഭൂപടങ്ങളും റിപ്പോർട്ടുകളും തയ്യാറാക്കുന്നുണ്ട്. കാസർഗോഡ്, കണ്ണൂർ, മലപ്പുറം, ഇടുക്കി എന്നീ ജില്ലകളിലെ 51 പഞ്ചായത്തുകളിലൊഴികെ എല്ലാ ജില്ലകളിലും മണ്ണ് പര്യവേക്ഷണ പഠനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തുകളിലെ വിശദ മണ്ണ് പര്യവേക്ഷണം, മുൻകാലങ്ങളിൽ വിശദ മണ്ണ് പര്യവേക്ഷണം നടത്തിയ സ്ഥലങ്ങളിൽ അതിനുശേഷം മണ്ണിന് സംഭവിച്ച രാസഭൗതിക മാറ്റങ്ങൾ ഉൾക്കൊള്ളിച്ച കൊണ്ടുള്ള മണ്ണ് പര്യവേക്ഷണ പുനർനിർണ്ണയം എന്നിവ വഴി ശേഖരിച്ചിട്ടുള്ള ഭൂവിഭവ വിവരശേഖരം ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്ക് മാറ്റുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ 2021-22 മുതൽ നടപ്പാക്കി വരുന്നു. നിലവിൽ നാന്നൂറിലധികം പഞ്ചായത്തുകളുടെ മണ്ണ് ഭൂപടങ്ങളുടെ ഡിജിറ്റൈസേഷൻ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>നീർത്തടാടിസ്ഥാനത്തിൽ വിവിധങ്ങളായ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി നടപ്പിലാക്കി മണ്ണൊലിപ്പ് പരമാവധി കുറക്കുകയും ജല സംരക്ഷണം പരമാവധി ഉറപ്പ് വരുത്തുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. വെള്ളപ്പൊക്ക നിയന്ത്രണത്തിന് Drainage and Flood Protection പദ്ധതികളും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കാറുണ്ട്. |
| (സി) | കർഷകർക്ക് മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്തുന്നതിനുള്ള സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി പ്രത്യേക ലാബ് സൗകര്യം ലഭ്യമാണോ; വിശദമാക്കുമോ? | (സി) | ഉണ്ട്. കർഷകർ നേരിട്ട് കൃഷിഭവൻ വഴി സമർപ്പിക്കുന്നതോ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ ജില്ലാ ഓഫീസുകൾ വഴി ശേഖരിക്കുന്നതോ ആയിട്ടുള്ള മണ്ണ് സാമ്പിളുകൾ കൃഷി വകുപ്പിന്റെ 14 ജില്ലാ മണ്ണ് പരിശോധന ലാബുകളിലൂടെയും, 12 സഞ്ചരിക്കുന്ന മണ്ണ് പരിശോധന ലാബുകളിലൂടെയും, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ 8 ലാബുകൾ വഴിയും പരിശോധിച്ച് കർഷകർക്ക് മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്തുന്നതിനു സഹായകരമായി കൃഷിയിടത്തിലെ മണ്ണിന്റെ പോഷകനിലയും വിളയ്ക്കനുസൃതമായ വളശിപാർശകളും അടങ്ങിയ മണ്ണാരോഗ്യകാർഡുകൾ വിതരണം ചെയ്തു വരുന്നു. |

| | | | |
|---|---|---|---|
| | | | കൂടാതെ കൃഷി വകുപ്പിന്റെ അധീനതയിലുള്ള 'സെൻട്രൽ സോയിൽ & പ്ലാന്റ് ഹെൽത്ത് സെന്റർ' മണ്ണ് പരിശോധനയ്ക്കുള്ള റഫറൻസ് ലാബായി പ്രവർത്തിച്ചു വരുന്നു. മറ്റു ലാബുകളിൽ പരിശോധനയ്ക്കു വിധേയമാക്കുന്ന സാമ്പിളുകളിൽ നിശ്ചിത ശതമാനം ഇവിടെ പുന:പരിശോധനയ്ക്കു വിധേയമാക്കുകയും പരിശോധന ഫലത്തിന്റെ സാധുത ഉറപ്പാക്കുകയും ചെയ്യുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 6,05,784 മണ്ണാരോഗ്യ കാർഡുകൾ കർഷകർക്കു വിതരണം ചെയ്തിട്ടുണ്ട്. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് വികസിപ്പിച്ച ‘മണ്ണിനെ അറിയാം മൊബൈലിലൂടെ’ (MAM) എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെ തങ്ങളുടെ കൃഷിയിടത്തിലെ മണ്ണിന്റെ ഫലപുഷ്ടിയെ കുറിച്ചുള്ള വിശദവിവരങ്ങളും അവിടെ കൃഷി ചെയ്യുന്ന വിളകൾക്ക് ആവശ്യമായ വളപ്രയോഗ ശിപാർശകളും മൊബൈൽ ആപ്ലിക്കേഷനിലൂടെ കർഷകന്റെ വിരൽ തുമ്പിൽ ലഭ്യമാക്കുന്നു. |

സെക്ഷൻ ഓഫീസർ